പിക്സൽ ഡിജിറ്റൽ മാഗസിൻ

# PIXELS

DIGITAL MAGAZINE
GHSS CHITTARIPARAMBA
1

ജി എച്ച് എസ് എസ്  ചിറ്റാരിപ്പറമ്പ്

പിക്സൽ ഡിജിറ്റൽ മാഗസിൻ

ആദിത് ജെ പി
ചിന്മയ് ഷാജി
അഭിൻ യാദവ്
ആരോമൽ കെ
അഭിഷിത്ത് കെ ഷാജി
അഭിജിത്ത് കെ

ജി എച്ച് എസ് എസ് ചിറ്റാരിപ്പറമ്പ്

# സന്ദേശം



പുതിയ സാങ്കേതികവിദ്യകളിലൂടെ അറിവും തിരിച്ചറിവും കുഞ്ഞുമനസുകളിലേക്ക് എത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ചെയുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് .
മാഗസിൻ പ്രവർത്തനങ്ങളിലൂടെ സർഗാത്മകയുടെ പുതിയ മേഖലകൾ കണ്ടത്താൻ വിദ്യർത്ഥികൾക്ക പ്രചോദനമാകുന്ന ചിറ്റാരിപ്പറമ്പ ഗവ ;ഹൈർസെക്കണ്ടറി സ്കൂൾ ലിറ്റൽ കൈറ്റ്സ് കൂട്ടുകാരൊരുക്കയ പിക്സിൽസ് 2020 എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്ന . അണിയറയിൽ പ്രവർത്തിച്ച സർഗ പ്രതിഭകൾക്കും ഊർജ്ജം പകർന്നവർക്കും അഭിന്ദനങ്ങൾ .

ഷീല എൻ പി സി
ഹെഡ്മിസ്ട്രസ്

കഥ

# വാർമഴവില്ലിന്റെ സൗന്ദര്യം

നീല നിറമുള്ള ആകാശം. ഇപ്പോൾ സമയം ആറ് am. അതായത് പ്രഭാതം. ഇന്നത്തെ ദിവസത്തിൽ മേഘങ്ങളുടെ നിറം കറുപ്പുനിറമായി. എന്നുവച്ചാൽ മഴക്കാർ ഉണ്ടെന്ന് അർഥം. ഇന്ന് ആദ്യമായി മഴ പെയ്തു.

അങ്ങനെ ഇന്ന് മഴയുടെ വാരവായി. പിറ്റേ ദിവസം വൃദ്ധസദനത്തിലെ രാമു എന്നു പേരുള്ള ഒരാളുടെ പിറന്നാൾ ആയിരുന്നു. അവിടെ നല്ല ആഘോഷമായിരുന്നു. പക്ഷെ ഒരാൾ മാത്രം ആ ആഘോഷത്തിൽ പങ്കുചേർന്നില്ല. അയാളുടെ പേര് ദാസൻ എന്നായിരുന്നു. ഇന്ന് അയാളുടെ മകന്റെ കല്യാണമായിരുന്നു. അദ്ദേഹത്തെ അയാളുടെ മകൻ തന്നെ ഈ വൃദ്ധസദനിൽ കൊണ്ടാക്കിയതാണ്. ദാസന്റെ മകന് അവന്റെ അച്ഛനെ കാണിച്ചാൽ

അവന് കുറവായിരിക്കും. അദ്ദേഹത്തിന്റെ വേഷവും വസ്ത്രധാരണവും കണ്ടാൽ തന്നെ ഒരു കൃഷിക്കാരൻ എന്ന തന്നെ തോന്നും. പക്ഷെ അയാൾ ഒരു ധനികനായിരുന്നു. തന്റെ മകന് അച്ഛൻ കോട്ടും ഷൂട്ടും ഇടണമെന്നാണ് ആഗ്രഹം. അദ്ദേഹത്തിന് അത് ഇഷ്ടമല്ല. അങ്ങനെയാണ് ദാസനെ തന്റെ മകൻ ഈ വൃദ്ധസദനത്തിൽ കൊണ്ടാക്കിയത്. ദാസന്റെ കൈയിൽ തന്റെ മകന്റെ ഫോട്ടോ ഉണ്ടായിരുന്നു. അദ്ദേഹം വൃദ്ധസദനത്തിലെ ബെഞ്ചിലിരുന്ന് അത് നിവർത്തിനോക്കി. അപ്പോൾ കണ്ടത് തന്റെ മകന്റെ ഫോട്ടോ. അതും കണ്ട് നോക്കി നിന്നു.

നീലാകാശത്തിൽ മഴവില്ല് പൂത്തപ്പോൾ. അതായിരുന്നു അദ്ദേഹത്തിന്റെ 'വാർമഴവില്ലിന്റെസൗന്ദര്യം '.

നികിത ടി ഏഴ് ഡി



പുതിയ

# പാഠങ്ങൾ

എന്റെ ജീവിതത്തിൽ ഏറ്റവും
വലിയ പാഠം എന്നുള്ളത് എന്റെ
ഉപ്പയും ഉമ്മയും പറഞ്ഞു തരുന്ന
വിഷയങ്ങളാണ് ,എന്റെ മനസ്സിൽ നിന്നും
ഒരിക്കലും മാഞ്ഞുപോവുകയില്ല.
എന്നെ ആദ്യം സ്കൂളിലേക്ക്
ചേർക്കാൻ പോകുന്ന സമായത്
ഉപ്പയും ഉമ്മയും പല കാര്യങ്ങളും
പറഞ്ഞുതരും ഇതെന്റെ മനസ്സിൽ
നിന്നും ഒരിക്കലും മാഞ്ഞുപോവുക
യില്ല .... സ്നേഹത്തിന്റെ ഉറവിടമാണ്
എന്റെ പുതിയ പാഠം എന്ന ഞാൻ

ജി എച്ച് എസ് എസ്  ചിറ്റാരിപ്പറമ്പ്

പിക്സൽ ഡിജിറ്റൽ മാഗസിൻ

കരുതുന്നു.,....

നസ്‌വ ഫാത്തിമ
ആറ് ബി



ലഹരി വിരുദ്ധ ചിന്തകൾ
ഗാന്ധിയൻ ആദർശകൾ
ANUSAJEESH X.E GREEN

# രാഷ്ട്രപിതാവിന് ഒരു ഗുരുദക്ഷിണ

"ആരോഗ്യമുള്ള ജനങ്ങളാണ് നാടിന്റെ സമ്പത്ത് "
ആരോഗ്യമുള്ള ജനങ്ങൾ നാടിന്റെ സമ്പത്താണ് "

ആരോഗ്യനാശിനിയായി നമ്മിൽ എന്നും കുടിയേറിയ ഒഴിയാബാധയാണ് ലഹരി .ദിനം ,ദിനം ലഹരിക് അടിമയാകുന്ന മാനരാശി നാടിന്റെ അന്ധഗാരായി മാറുകയാണ് ആൽക്കഹോൾ അഥവാ ലഹരി ,ആൽക്കഹോൾ എന്ന വാക്കിന്റെ ആന്തരിക അർഥം തന്നെ ചെകുത്താൻ എന്നാണ് . സമൂഹത്തിന്റെ ഊർജമായ പുതുതലമുറ അടക്കമുള്ള ജനങ്ങളെ അടക്കിവാഴുന്ന ലഹരി സമൂഹവ്യവസ്ഥിയെ തന്നെ ബാധിക്കുന്നു .മാനുഷിക മൂല്യങ്ങളുടേയും സഹനശക്തിയുടേയു,ദൈവികചിന്താഗതിയുടയും വക്താവാണ് മഹാത്മാഗാന്ധി . അതുകൊണ്ടാണലോ ... ബുദ്ധന്റെ ഹിംസയും ,ശങ്കരാചാര്യയുടെ ബുദ്ധിയും ഭഗവാൻ ശ്രീകൃഷ്ണന്റെ ഉപായവും ,ക്രിസ്തുദേവന്റെ ഉപായവുംമുള്ള അദ്ദേഹത്തെ മഹാകവി വള്ളത്തോൾ തന്റെ ഗുരുനാഥനാക്കിയത് .

**ലഹരി**ക്കെതിരെ ഗാന്ധിജി നടത്തിയ ആദർശങ്ങൾ ഗാന്ധിയൻ ചിന്തകൾ, ദർശനങ്ങൾ ഒന്നല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ സമൂഹത്തെ ഏറെ സ്വാധിനിച്ചിട്ടുണ്ട്. ലഹരി മനുഷ്യന്റെ പ്രവർത്തന ക്ഷമതയെ ബാധിക്കുന്നു."പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക "എന്നതാണലോ ഗാന്ധിജിയുടെ ചിന്തകളിൽ പ്രാധാന്യമേറിയത് . മദ്യത്തിന് അടിമയായി ഇന്ന് കുലനാശിനിയായി മാറുന്ന മനുഷ്യൻ പുഞ്ചിരിച്ച നിൽക്കുന്ന മഹാത്മാവിന്റെ ആ മുഗം പലപ്പോഴും വിസ്മരിച്ച പോവുന്നു .


അഹിംസയുടെ വക്താവാണ് ബാപ്പുജി മദ്യ മാംസാദികൾ ഉപേക്ഷിച്ചാൽ ഒരു മനുഷ്യനെ ഹിംസയിൽ നിന്ന് അകാലനും,അഹിംസയെ വരിക്കാനും കഴിയുള്ള , ഗാന്ധിജിയുടെ സ്വപ്നം ഭാരതത്തെ ഒരു രാമരാജ്യമായി മാറ്റുക എന്നതായിരുന്നു .രാമരാജ്യം പവിത്ര ഭൂമിയാണ് അവിടെ

പാപികൾക്കൊക്കെ മാനുഷികമൂല്യശോഷണം സഭാവിച്ചവർക്കൊക്കെ സ്ഥാനമില്ല  അതിനാൽ ഒരു രാമരാജ്യം കെട്ടിപടുക്കാൻ ലഹരിവിമുക്ത ഭാരതം അനിവാര്യമാണ് ,എന്നാൽ സാമൂഹികപരമായും സാമ്പത്തികപരമായും വളർന്നു കൊണ്ടിരിക്കുന്ന  മാനവരാശി ലഹരിയ്ക്ക് അടിമയാവുന്നു .കേവലം മദ്യത്തിന് മാത്രമല്ല അവൻ മയകുരുന്നുകളായ മരണകരണമായകാവുന്ന മാനുഷികമൂല്യങ്ങളാണ് നമ്മെ ചിന്താശേഷിയുള്ള മനുഷ്യനാക്കുന്നത്.

പൂണൂലിട്ടതുകൊണ്ടു മാത്രം പുണ്യവാനാകില്ല ,മന്ത്രമുരുവിട്ടത് കൊണ്ട് മാത്രം മഹാനാവില്ല ,മനുഷ്യത്തമില്ലാതെ .അതിനാൽ നല്ല മനുഷ്യനാവാൻ നാമെന്നും ലഹരിയിൽ നിന്നും അകലണം .

വൃദ്ധജനങ്ങൾ നാടിൻറെ ഐശ്വര്യവും ,സ്ത്രീജനങ്ങൾ  നാടിന്റെ സമ്പത്തും യുവാക്കളെ നാടിന്റെ ചാലകശക്തിയുമാണെങ്കിൽ കുട്ടികളാണ് നാളയുടെ പ്രതിഷ .
നാളയുടെ പ്രതീക്ഷയായ കുട്ടികളുടെ സംഘടനയായ വിദ്യാർത്ഥി സംഘടനകൾ ലഹരി വിമുക്തമായാ ഭാരതം കെട്ടിപ്പടുക്കണം .ശോഷിച്ചുപോകുന്ന സാമൂഹികമൂല്യങ്ങളെ ഉയർത്തികൊണ്ട് നല്ല തലമുറയെ വർത്തടുക്കാനുള്ള ശ്രമത്തിൽ പങ്കാളിയായി കൊണ്ട് വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങുക .യഥാത്ഥ കർമ്മ ബോധമുള്ള ഭാരദീയറായി വളരണമെങ്കിൽ ഗാന്ധിയൻ ചിന്തകളുടെ പാലനം അനിവാര്യമാണ് .അതിനായ നമുക്ക് ഒന്നിച്ച് കായ്കൾകോർക്കാം .

അതാവട്ടെ നമ്മുടെ രാഷ്ട്രപിതാവിന് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ അംഗീകരം .നമ്മുടെ ആ വലിയ മാർഗദർശിക്കുള്ള ഗുരുദക്ഷിണ



-

# പുഴ പിന്നെയും ഒഴുകി ശാന്തമായി

ഒരിക്കൽ ഒരു നാട്ടിൽ അറിയപ്പെടുന്ന ഒരു പുഴ ഉണ്ടായിരുന്നു. ആ പുഴയുടെ പേര്

പച്ചപുഴ എന്നായിരുന്നു. ആ ഗ്രാമത്തിലെ എല്ലാവരും ആ പുഴയിലെ വെള്ളമാണ്

എല്ലാക്കാര്യങ്ങൾക്കും ഉപയോഗിച്ചത് . എന്നാൽ അവർ വളരെ സന്തോഷത്തോടെയാണ് പുഴയിൽ

നിന്നും വെള്ളം എടുത്തിരുന്നത് .എന്നാലും അവരുടെ മനസ്സിൽ ഒരു സങ്കടം തുള്ളികളിക്കുന്നുണ്ടായിരുന്നു.

എന്തെന്നാൽ അവരുടെ പുഴയിലെ വെള്ളം വാറ്റാനുള്ള സാധ്യത ഏറെക്കുറെ കൂടുതലാണ് . അവർ

കുറച്ചുപേർ ഇതൊന്നും കാര്യമാക്കിയിരുന്നില്ല. ഇവർ സന്തോഷത്തിന്റെ അടിത്തട്ടിലായിരുന്നു .ഇവരിലേക്ക്

ആ മഹാസംഭവം കയറിവന്നു . ഇവർ വിചാരിച്ചതുപോലെ ആ പുഴയിലെ വെള്ളം വറ്റിതുടരുകയാണ് പക്ഷെ

കുറച് ദിവസത്തിനുശേഷം ഇവർ അന്താളിച്ചുപോയി വറ്റിയ വെള്ളം പൊതിളുടങ്ങി . അന്ന് രാത്രി നല്ല മഴയും

പെയ്തു . നാട്ടുകാർക്ക് ഭയം കൂടിവന്നു . അവർ വിചാരിക്കാതെ നടന്ന സംഭവമാണല്ലോ ഇത് . അന്നാണെങ്കില്

ശക്തമായ മഴയും ഇടിയും മിന്നലും ചീറിപ്പാഞ്ഞുവന്നു . പിറ്റേന്ന് അവരെ പേടിപ്പിച്ചുകൊണ്ട് പുഴയിലെ മലവെള്ളവും

ഒഴുക്കും വന്നു . കുട്ടികളെ വിചാരിച്ച അമ്മമാർ പേടിച്ച കരയുന്നു . കുട്ടികൾ വെള്ളത്തിൽ കളിക്കാനുള്ള ആവേശം

മൂലം പുഴയുടെ അരികിലേക്ക് പോയിക്കൊണ്ടേയിരിക്കും . ഇവർ ഓരോരുത്തരും തമ്മിൽ പറയുമായിരുന്നു.

പ്രളയം നമ്മളെ വേട്ടയാടാൻ തുടങ്ങി . ഇവർക്ക് പേടിയായിരുന്നു . ഈ മഴ കുടി കുടി വരുമോ എന്ന് എന്നാൽ

കുറച്ച ദിവസം ഈ മഴ ഇങ്ങനെ തുടങ്ങിക്കൊണ്ടേയിരുന്നു . ഇവരിൽ ചിലർ വീടുമാറിപ്പോവാനും തുടങ്ങി.

ജി എച്ച് എസ് എസ് ചിറ്റാരിപ്പറമ്പ്

തോണിയിലും അങ്ങനെയൊക്കെയാണ് അവരിൽ ചിലർ പോയത്. എന്നാൽ ചിലർ പേടിച്ചു

